(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ

*3 [604] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, എൻ. ശക്തൻ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എത്രയാണെന്ന് പറയുമോ;

(ബി) ഇവയുടെ നോൺ പെർഫോർമിംഗ് അസറ്റ്സ് എത്രയാണ്;

(സി) ഇവയ്ക്ക് കിട്ടുന്ന നിക്ഷേപങ്ങളിൽ നിന്നും വായ്പ കൊടുത്തു കഴിഞ്ഞുള്ള തുക കൊണ്ട് എന്താണ് ചെയ്യാറുള്ളത്?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 31.51% മുതൽ 85.34% വരെയാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്ന് ആയി ചേർത്തിട്ടുണ്ട്.†

(ബി) 727.77 കോടി രൂപ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.‡

(സി) വായ്പ കഴിച്ചുള്ള തുക സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നു. ചില ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിന് പുറമേ രജിസ്ട്രാർ അനുവാദം നൽകിയിട്ടുള്ള മറ്റ് ബാങ്കുകളിലും നിക്ഷേപിക്കുന്നുണ്ട്. ഇതിനു പുറമേ 8 ജില്ലാ ബാങ്കുകൾ 573.35 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുമുണ്ട്.

അഭ്യസ്തവിദ്യർക്ക് തൊഴിൽ കണ്ടെത്തുവാൻ വായ്പ നൽകുന്ന പദ്ധതി

*4 [605] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം നൽകി, സ്വയം തൊഴിൽ കണ്ടെത്തുവാൻ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വായ്പ നൽകുന്ന ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ വഴി സ്വയം തൊഴിൽ വായ്പ നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 3-1-2000-ലെ 3/2000 നമ്പർ സർക്കുലറാണ് ഇതിനായി പുറപ്പെടുവിച്ചിട്ടുള്ളത്. വായ്പയുടെ പരിധി 2 ലക്ഷം രൂപയും കാലാവധി 5 വർഷവും ഓഹരി അനുപാതം 1%-ഉം ആണ്.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത

*5 [606] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജലഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെ പറ്റി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ബി) കുറഞ്ഞ ചെലവിൽ യാത്ര ചെയ്യുന്നതിനും ചരക്കു കൊണ്ടുപോകുന്നതിനും ഉതകുന്ന ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) റോഡ് ഗതാഗതത്തിൽ നിലവിലുള്ള ബുദ്ധിമുട്ടുകളും അപകടങ്ങളും കുറയ്ക്കുവാനും ടൂറിസം വികസനത്തിന് വളരെയേറെ സഹായകമാവുമെന്ന വസ്തുത പരിഗണിച്ചും ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly